**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **28-07-2021 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിലുള്ള വ്യക്തികളെ ജയിലിൽ പാർപ്പിക്കുമ്പോൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത 49 വയസ്സുള്ള രാജ്കുമാറിന്റെ ജൂഡീഷ്യൽ കസ്റ്റഡി മരണത്തിലേക്ക് നയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് (റിട്ട.) ശ്രീ.കെ.നാരായണക്കുറുപ്പ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിൽ നിന്നും കൊണ്ടു വരുന്ന വ്യക്തികളെ ജയിലിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി അവരിൽ മറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി (Iceberg phenomenon) മെഡിക്കൽ ഓഫീസർമാരുടെ നിർദ്ദേശപ്രകാരം ഒരു പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുന്നുവെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും (ഡി.എച്ച്.എസ്സ്) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും (ഡി.എം.ഇ) ഉറപ്പ് വരുത്തേണ്ടതാണെന്നും, വൃക്കസംബന്ധമായ പ്രൊഫൈൽ, സി.പി.കെ, യൂറിൻ മയോഗ്ലോബിൻ, സി ആർ പി മുതലായ ടെസ്റ്റുകൾ ക്രമമനുസരിച്ച് വ്യക്തികളിൽ പരിശോധന നടത്തുന്നതിനും കൂടാതെ അടിവയറിലെ ആന്തരിക പരിക്കുകൾ കണ്ടെത്തുന്നതിനായി അൾട്രാസൗണ്ട് ടെസ്റ്റ് നടത്തണമെന്നും വ്യക്തമാക്കിക്കൊണ്ട് ഉത്തരവോ സർക്കുലറോ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 17/02/2021 തീയതിയിലെ സ.ഉ(കൈ)നം.47/2021/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അപ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പും ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസും പ്രസ്തുത നിർദ്ദേശം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സർക്കുലറും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് വേണ്ട പ്രത്യേക സൗകര്യങ്ങൾ മെഡിക്കൽ കോളേജ്/താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രികൾ ഒഴികെ മിക്ക ആശുപത്രികളിലും ലഭ്യമല്ലാത്തതിനാൽ സർക്കാർ ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് മാറ്റിവച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം പരിശോധനകൾക്കായി എന്തെങ്കിലും പ്രത്യേക സംവിധാനം സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത 49 വയസ്സുള്ള രാജ്കുമാറിന്റെ ജുഡീഷ്യൽ കസ്റ്റഡി മരണത്തിലേക്ക് നയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് (റിട്ട.) ശ്രീ.കെ.നാരായണക്കുറുപ്പ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിൽ നിന്നും കൊണ്ടു വരുന്ന വ്യക്തികളെ ജയിലിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി അവരിൽ മറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി (Iceberg phenomenon) മെഡിക്കൽ ഓാഫീസർമാരുടെ നിർദ്ദേശപ്രകാരം ഒരു പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുന്നുവെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും (ഡി.എച്ച്.എസ്സ്) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും (ഡി.എം.ഇ) ഉറപ്പ് വരുത്തേണ്ടതാണെന്നും, വൃക്കസംബന്ധമായ പ്രൊഫൈൽ, സി.പി.കെ, യൂറിൻ മയോഗ്ലോബിൻ, സി ആർ പി മുതലായ ടെസ്റ്റുകൾ ക്രമമനുസരിച്ച് വ്യക്തികളിൽ പരിശോധന നടത്തുന്നതിനും കൂടാതെ അടിവയറിലെ ആന്തരിക പരിക്കുകൾ കണ്ടെത്തുന്നതിനായി അൾട്രാസൗണ്ട് ടെസ്റ്റ് നടത്തണമെന്നും വ്യക്തമാക്കിക്കൊണ്ട് ഉത്തരവോ സർക്കുലറോ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 17/02/2021 തീയതിയിലെ സ.ഉ(കൈ)നം.47/2021/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അപ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പും ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസും പ്രസ്തുത നിർദ്ദേശം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സർക്കുലറും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് വേണ്ട പ്രത്യേക സൗകര്യങ്ങൾ മെഡിക്കൽ കോളേജ്/താലൂക്ക് ആശുപത്രികൾ ഒഴികെ മിക്ക ആശുപത്രികളിലും ലഭ്യമല്ലാത്തതിനാൽ സർക്കാർ ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് മാറ്റിവച്ചിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ പല പരിശോധനകൾക്കും സർക്കാർ ലാബുകളിൽ സൗകര്യമില്ലെന്നിരിക്കെ | (സി) | ഇത് സംബന്ധിച്ച് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് കൊണ്ട് വ്യക്തമായ നിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി പോലീസ്, ജയിൽ, ആരോഗ്യ വകുപ്പ് മേധാവികളുടെ യോഗം 14.07.2021-ൽ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച് ചേർത്തിരുന്നു. യോഗതീരുമാനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ